DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

14-09-2018

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

സ്റ്റേറ്റ് സീഡ് ഫാം, മൂന്നാളം, അടൂരിൽ റെഡ്‌ലേഡി പപ്പായ, മുരിങ്ങ, അഗത്തി ചീര, കറിവേപ്പ്, അമരപയർ, ഉണ്ടമുളക്, വഴുതന, തക്കാളി, കാബേജ്, കോളിഫ്ളവർ, നാടൻ മുളക് എന്നീ പച്ചക്കറി തൈകൾ, മണ്ണ് നിറച്ച ഗ്രോബാഗ്, വിവിധ ഇനം പച്ചക്കറി വിത്ത് എന്നിവ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഓഫീസുമായി 04734–227868, 9447007990 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കാർഷിക സർവകലാശാലയിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ ഹൈടെക് അടുക്കളത്തോട്ടത്തിന്റെ 2 ദിവസത്തെ പരിശീലന പരിപാടി

നൂതന കാർഷിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഒരു കുടുംബത്തിന് വേണ്ട വിഷരഹിതമായ പച്ചക്കറികൾ കുറഞ്ഞ സ്ഥലത്തിൽ ഉണ്ടാക്കുന്നതിനും അടുക്കള മാലിന്യത്തിന്റെ സംസ്കരണത്തെക്കുറിച്ചും രണ്ട് ദിവസത്തെ പരിശീലന പരിപാടി ഈ മാസം 17,18 തീയതികളിൽ Hi-tech Research and Training unit Hall, Instructional farm വെള്ളാനിക്കരയിൽ 9 മണി മുതൽ 5 മണിവെരെ നടത്തുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ 8078056558, 7902386284 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# അറിയിപ്പ്

പ്രളയത്തെ ചെറുത്ത് നിന്ന കുരുമുളക് കൊടിയിൽ താഴെ പറയുന്ന പരിപാലന മുറകൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

കുരുമുളക് കൊടിയുടെ കടഭാഗത്തെവെള്ളം നല്ലവണ്ണം വാർത്ത് കളഞ്ഞു, ചെടി ഒന്നിന് അരകിലോ വീതം കുമ്മായം വിതറി കൊടുക്കേണ്ട താണ്. കുമ്മായം ഇട്ട് രണ്ടാഴ്ചക്കു ശേഷം ചെടി ഒന്നിന് പത്തുകിലോ എന്ന തോതിൽ ജൈവവളം നൽകേണ്ടതാണ്. ശുപാർശ ചെയ്തിട്ടുള്ള എൻ.പി.കെ വളങ്ങൾ 50:50:200 എന്ന തോതിൽ നൽകേണ്ടതാണ്. മേൽപ റഞ്ഞ വളങ്ങൾ ഒരുവർഷം പ്രായമായ വള്ളികൾക്ക് മൂന്നിൽ ഒരു ഭാഗ വും, രണ്ടുവർഷം പ്രായമായവയ്ക്ക് മുഴുവൻ അളവിലും നൽകേണ്ടതാ ണ്. ബോർഡോമിശ്രിതം ഒരുശതമാനം വീര്യത്തിൽ ചെടികളിൽ സ്പ്രേ ചെയ്യണം കൂടാതെ കോപ്പർ ഓക്സിക്ളോറൈഡ് (Copper Oxychloride) ചെടികളുടെ കട ഭാഗത്ത് ഒഴിച്ച് കൊടുക്കണം കേടുവന്ന താങ്ങുകൾക്കു താങ്ങായി ശീമകൊന്ന നട്ടുകൊടുക്കാവുന്നതാണ്. സൂക്ഷ്മ മൂലകങ്ങൾ അടങ്ങിയിട്ടുള്ള വളങ്ങൾ ശുപാർശ പ്രകാരം നൽകാവുന്നതാണ്.

## തേനീച്ചവളർത്തലിൽ പരിശീലനം

തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഈ മാസം 18-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽ നിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു

ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഫീസ് അടച്ചതിന്റെ രേഖയും അപേക്ഷകന്റെ ഫോൺ നമ്പറും സഹിതം ഇ-മെയിലായോ (training@rubberboard.org.in) റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നേരിട്ടോ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2353127, 2351313.

## കെ.എസ്.പി.ഡി.സി അറിയിപ്പ്

കുടപ്പനക്കുന്ന് കെ.എസ്.പി.ഡി.സി-യുടെ ബ്രോയിലർ ഫാമിൽ മുട്ടയുത്പാദനം കഴിഞ്ഞ ഇറച്ചിക്കോഴികളെ കിലോയ്ക്ക് 90/- രൂപ നിരക്കിൽ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 100 -ൽ അധികം കോഴികളെ വാങ്ങുന്നവർക്ക് കിലോയ്ക്ക് 85 രൂപ മൊത്തവ്യാപാര നിരക്കിൽ നൽകുന്നതാണ്. ആവശ്യമുള്ളവർ രാവിലെ 9.30 മുതൽ 12.30 വരെയും ഉച്ചയ്ക്ക്ശേഷം 2 മണി മുതൽ 4 മണിവരെയും എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. പിടകോഴിക്ക് ഏകദേശം 4 കിലോയും, പൂവൻ കോഴിക്ക് ഏകദേശം $5^{1}/_{2}$ കിലോയും തൂക്കമുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് കുടപ്പനക്കുന്നിലെ കെ.എസ്.പി.ഡി. ബ്രോയിലർ ഫാമുമായി ബന്ധപ്പെടുക.